# കേരളസർവകലാശാല

നം.പി.ആർ.06/2023

## പത്രക്കുറിപ്പ്

### കേരളസർവകലാശാല:പ്രൈവറ്റ് രജിസ്ട്രേഷന് ജനുവരി 11 മുതൽ അപേക്ഷിക്കാം

കേരളസർവകലാശാല 2022 – 23 അക്കാദമിക് വർഷത്തിലെ ബി.എ./ബി.കോം./ബി.എ.അഫ്സൽ–ഉൽ–ഉലാമ/ബി.ബി.എ./ബി.കോം. അഡീഷണൽ ഇലക്ടീവ് കോ–ഓപ്പറേഷൻ എന്നീ കോഴ്സുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേന 2023 ജനുവരി 11 മുതൽ അപേക്ഷിക്കാം. അപേക്ഷകൾ പിഴകൂടാതെ ജനുവരി 20 വരെ സ്വീകരിക്കുന്നതാണ്. അപേക്ഷയും അനുബന്ധരേഖകളും അവസാന തീയതിക്കുള്ളിൽ കേരളസർവകലാശാല തപാൽ വിഭാഗത്തിൽ എത്തിക്കേണ്ടതാണ്. വിജ്ഞാപനത്തിന്റെ വിശദ വിവരങ്ങൾ www.de.keralauniversity.ac.in, www.keralauniversity.ac.in എന്നീ വെബ്സൈറ്റുകളിൽ ജനുവരി 11 മുതൽ ലഭ്യമാകുന്നതാണ്.

### പരീക്ഷാഫലം

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ (2013 സ്കീമിലെ സപ്ലിമെന്ററി വിദ്യാർത്ഥികളുടേയും. 2008, 2013 എന്നീ സ്കീമുകളിലെ സെഷണൽ ഇംപ്രൂവ്മെന്റ് വിദ്യാർത്ഥികളുടേയും, 2017 അഡ്മിഷൻ വരെയുള്ള യു.സി.ഇ.കെ.യിലെ സപ്ലിമെന്ററി വിദ്യാർത്ഥികളുടേയും), മെയ് 2022 ബി.ടെക്. ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി മാത്രം അപേക്ഷിക്കേണ്ട അവസാന തീയതി ജനുവരി 21. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ എം.സി.എ. (റെഗുലർ & സപ്ലിമെന്ററി – 2015 സ്കീം), നവംബർ 2022 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസപഠനകേന്ദ്രം നടത്തിയ മാസ്റ്റർ ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (എം.എൽ.ഐ.എസ്സി.) (എസ്.ഡി.ഇ. – 2017 അഡ്മിഷന് മുൻപ്) സപ്ലിമെന്ററി, മാർച്ച് 2022 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല നടത്തിയ അഡ്വാൻസ്ഡ് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ (APGDEC) (റെഗുലർ – 2021 അഡ്മിഷന്, സപ്ലിമെന്ററി – 2019 അഡ്മിഷൻ), നവംബർ 2022 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പുതുക്കിയ ടൈംടേബിൾ

കേരളസർവകലാശാലയുടെ ജനുവരി 23 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.എ./എം.എസ്സി./എം.കോം./എം.എസ്.ഡബ്ല്യൂ./എം.എം.സി.ജെ./എം.എ.എച്ച്.ആർ.എം. (റെഗുലർ – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2019 & 2020 അഡ്മിഷൻ, മേഴ്സിചാൻസ് – 2010 – 2017 അഡ്മിഷൻ) ഡിഗ്രി പരീക്ഷകളുടെ പുതുക്കിയ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസവിഭാഗം 2023 ജനുവരിയിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ ബി.എൽ.ഐ.എസ്സി. (റെഗുലർ – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2020 & 2019 അഡ്മിഷൻ) പരീക്ഷയുടെ പ്രാക്ടിക്കൽ (LISB 47 – Information Technology Practical) കാര്യവട്ടം ക്യാമ്പസിൽ പ്രവർത്തിക്കുന്ന

വിദൂരവിദ്യാഭ്യാസകേന്ദ്രത്തിൽ വച്ച് ഫെബ്രുവരി 13 മുതൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ സി.ആർ.സി.ബി.സി.എസ്.എസ്. 2 (b) ബി.എസ്സി. കമ്പ്യൂട്ടർസയൻസ് (320) (റെഗുലർ – 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2018, 2019 അഡ്മിഷൻ, മേഴ്സിചാൻസ് – 2013, 2014, 2015, 2016 അഡ്മിഷൻ) പരീക്ഷയുടെ പ്രാക്ടിക്കൽ ജനുവരി 23 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ ബി.വോക്. ഫുഡ് പ്രോസസിംഗ്, ബി.വോക്. ഫുഡ് പ്രോസസിംഗ് ആന്റ് മാനേജ്മെന്റ് പ്രാക്ടിക്കൽ പരീക്ഷകൾ 2023 ജനുവരി 13 മുതൽ അതാത് കോളേജുകളിൽ വച്ച് ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്സി. (റെഗുലർ – 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2018 & 2019 അഡ്മിഷൻ, മേഴ്സിചാൻസ് – 2013 – 2016 അഡ്മിഷൻ), ഡിസംബർ 2022 പരീക്ഷയുടെ ബോട്ടണി പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 19 മുതൽ അതാത് കോളേജുകളിൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ ബി.ടെക്. (2020 സ്കീം – റെഗുലർ) യു.സി.ഇ.കെ., ഫെബ്രുവരി 2023 പരീക്ഷയുടെ വിജ്ഞാപനം പുനഃക്രമീകരിച്ചു. പരീക്ഷയ്ക്ക് പിഴകൂടാതെ ജനുവരി 17 വരെയും 150 രൂപ പിഴയോടെ ജനുവരി 20 വരെയും 400 രൂപ പിഴയോടെ ജനുവരി 23 വരെയും ഓൺലൈൻ രജിസ്ട്രേഷൻ നടത്താവുന്നതാണ്.

കേരളസർവകലാശാല 2023 ഫെബ്രുവരിയിൽ നടത്താനിരിക്കുന്ന ഒന്നാം സെമസ്റ്റർ എം.ബി.എ. (വിദൂരവിദ്യാഭ്യാസം – സപ്ലിമെന്ററി – 2020 &2019 അഡ്മിഷൻ, മേഴ്സിചാൻസ് – 2018 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ ജനുവരി 13 വരെയും 150 രൂപ പിഴയോടെ ജനുവരി 18 വരെയും 400 രൂപ പിഴയോടെ ജനുവരി 20 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജനുവരി 30 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ & സ്പോർട്സ് (എം.പി.ഇ.എസ്.) (2020 സ്കീം – 2022 അഡ്മിഷൻ), ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (ബി.പി.എഡ്. – 2022 സ്കീം – 4 വർഷ ഇന്നൊവേറ്റീവ് കോഴ്സ്) എന്നീ പരീക്ഷകളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. ഓൺലൈൻ രജിസ്ട്രേഷൻ ജനുവരി 11 മുതൽ ആരംഭിക്കുന്നതാണ്. പിഴകൂടാതെ ജനുവരി 19 വരെയും 150 രൂപ പിഴയോടെ ജനുവരി 23 വരെയും 400 രൂപ പിഴയോടെ ജനുവരി 25 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാ വിജ്ഞാപനം

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ എം.എ. മലയാളം ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ മേഴ്സിചാൻസ് (2004 – 2006 ബാച്ച്) പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം,
10.01.2023.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**